**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3306** — **11/05/2017 ൽ മറുപടിയ്ക്ക്**

## കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഖാദി യൂണിറ്റുകൾ

**ചോദ്യം**
**ശ്രീ.കെ.ദാസൻ**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലും നെയ്ത്ത് സംഘത്തിന്റെ ഉടമസ്ഥതയിലുമായി എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; ഇത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; വിശദമാക്കുമോ ; | (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ രണ്ട് ഖാദി ഉല്പാദന കേന്ദ്രങ്ങളും ഒരു പോട്ടറി ട്രെയിനിംഗ് സെന്ററും പ്രവർത്തിക്കുന്നുണ്ട്. ഖാദി ഉല്പാദന കേന്ദ്രങ്ങൾ മൂടാടിയിലും മുച്ചുകുന്നിലുമാണ് പ്രവർത്തിക്കുന്നത്. പോട്ടറി ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നത് മുച്ചുകുന്നിലുമാണ്.<br>കൊയിലാണ്ടി താലൂക്കിൽ താഴെ പറയുന്ന 9 പ്രാഥമിക കൈത്തറി സംഘങ്ങളും ഒരു പവർലൂം സംഘവും പ്രവർത്തിക്കുന്നുണ്ട്.<br>1. പന്തലായനി വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപറേറ്റീവ് സൊസൈറ്റി<br>2. നടുവണ്ണൂർ ഹാന്റ് ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപറേറ്റീവ് സൊസൈറ്റി<br>3. പയ്യോർമല ഹാന്റ് ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപറേറ്റീവ് സൊസൈറ്റി<br>4. ചെറുവണ്ണൂർ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപറേറ്റീവ് സൊസൈറ്റി<br>5. മാണിക്കോത്ത് വീവേഴ്സ് ഇൻഡസ്ട്രി |

| | | | |
|---|---|---|---|
| | | | യൽ കോ-ഓപറേറ്റീവ് സൊസൈറ്റി<br>6 മഹാത്മഗാന്ധി വീവേഴ്സ് ഇൻഡസ്ട്രിയൽ എസ്.സി/എസ്.ടി കോ-ഓപറേറ്റീവ് സൊസൈറ്റി<br>7 കുത്താളി ഹാന്റ് ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപറേറ്റീവ് സൊസൈറ്റി<br>8 ബാലുശ്ശേരി വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപറേറ്റീവ് സൊസൈറ്റി<br>9 കീഴരിയൂർ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപറേറ്റീവ് സൊസൈറ്റി |
| (ബി) | ഈ യൂണിറ്റുകളുടെ/സ്ഥാപനങ്ങളുടെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ? | (ബി) | ഉണ്ട്. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിനു കീഴിലുള്ള മൂടാടി ഉല്പാദന കേന്ദ്രത്തിൽ നൂല്പിലും നെയ്ത്തിലുമായി 17 തൊഴിലാളികൾ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. സ്വന്തമായുള്ള ഒരു കെട്ടിടത്തിൽ ഒരു വില്പന കേന്ദ്രവും(ഗ്രാമ സൗഭാഗ്യ) നടക്കുന്നുണ്ട്. മുചുകുന്ന് ഖാദി ഉല്പാദന കേന്ദ്രത്തിൽ നൂല്പിലും, നെയ്ത്തിലുമായി ഇപ്പോൾ 30 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. കൂടാതെ മുചുകുന്നിൽ ഒരു റീജിയണൽ പോട്ടറി ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ മൺപാത്ര വ്യവസായവുമായി ബന്ധപ്പെട്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നു. മൂന്ന് തൊഴിലാളികൾ ഇവിടെ ജോലി ചെയ്തു വരുന്നു.<br>പ്രാഥമിക കൈത്തറി സംഘങ്ങളിൽ മഹാത്മാഗാന്ധി കൈത്തറി സംഘം ഒഴികെ മറ്റുള്ളവ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ